# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** | **02.04.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**നിയമസഭാ ചോദ്യം നം. 2723**

### നൂറനാട് പടനിലം ഏലിയാസ് നഗർ ഫാത്തിമമാതാ സ്കൂളിന് അംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പി.കെ. അബ്ദുറബ്ബ്**<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | ആലപ്പുഴ ജില്ലയിലെ മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ നൂറനാട്, പടനിലം, ഏലിയാസ് നഗർ, ഫാത്തിമമാതാ ഇംഗ്ലീഷ് മീഡിയം സ്കൂൾ 2003-2004 വർഷം മുതൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നല്കി വരുന്നത് പരിഗണിച്ച് അംഗീകാരം നല്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ (guidelines) സർക്കാരിന്റെ പരിഗണനയിലാണ്. മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച ശേഷം കേരള വിദ്യാഭ്യാസ നിയമത്തിലെ അദ്ധ്യായം V റൂൾ 2, 2എയിലെ നടപടി ക്രമങ്ങൾ പാലിച്ചു മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവുകയുള്ളു. |
| (ബി) | ഈ സ്കൂൾ സംബന്ധിച്ച് മാവേലിക്കര ഡി.ഇ.ഒ., എ.ഇ.ഒ., എന്നിവർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ; | (ബി) | മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (സി) | ഉൾനാടൻ മത്സ്യത്തൊഴിലാളി കോളനി, ലക്ഷംവീട് കോളനി, പട്ടികജാതി കോളനി, മറ്റ് പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്നവർ എന്നിവരുടെ മക്കൾക്ക് രണ്ട് കിലോമീറ്ററിൽ | (സി) | പരാതികൾ ലഭിച്ചിട്ടില്ല. |

കൂടുതൽ ദൂരം സഞ്ചരിച്ച് വിദ്യാഭ്യാസം ചെയ്യേണ്ടിവന്നിരുന്ന സാഹചര്യത്തിൽ പുനലൂർ ബിഷപ്പ് സ്ഥാപിച്ച പ്രസ്തുത സ്കൂളിനെതിരെ ഏതെങ്കിലും വ്യക്തികളോ സ്ഥാപനങ്ങളോ എന്തെങ്കിലും പരാതി നല്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളുടെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പാവപ്പെട്ടവരുടെ മക്കൾക്ക് മികച്ച വിദ്യാഭ്യാസം നല്കുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി അംഗീകാരം നല്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) കേരളാ വിദ്യാഭ്യാസ ചട്ടം നിർദ്ദേശിക്കുന്ന എല്ലാ പശ്ചാത്തല സൗകര്യങ്ങളും ലഭ്യമാക്കുകയും സ്റ്റേറ്റ് ഇംഗ്ലീഷ് മീഡിയം സിലബസ് പഠിപ്പിക്കുകയും മലയാളം നിർബന്ധിതമായി നടപ്പാക്കുകയും ചെയ്യുന്ന ഈ മാതൃക വിദ്യാലയത്തിന് അംഗീകാരം നല്കുവാൻ എന്തൊക്കെ അടിയന്തിര നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

(ഡി) & (ഇ)

വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ (guidelines) സർക്കാരിന്റെ പരിഗണനയിലാണ്. മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച ശേഷം കേരള വിദ്യാഭ്യാസ നിയമത്തിലെ അദ്ധ്യായം V റൂൾ 2, 2എയിലെ നടപടി ക്രമങ്ങൾ പാലിച്ചു മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവുകയുള്ളൂ.

Chitra

സെക്ഷൻ ഓഫീസർ